## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 52** **10/03/2015 –ൽ മറുപടിക്ക്**

### കൈത്താങ്ങ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പാലോട് രവി | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| എ.<br>ആദിവാസി ക്ഷേമത്തിനായി 'കൈത്താങ്ങ്' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ.<br>ഉണ്ട്. |
| ബി.<br>എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ;<br><br>സി.<br>അനാഥരായ ആദിവാസി കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;<br><br>ഡി.<br>പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി.സി.ഡി.)<br><br>സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി 2013-14ൽ ആരംഭിച്ച പദ്ധതിയാണിത്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാ പിതാക്കൾ മരിച്ചതോ, ഉപേക്ഷിച്ചതോ ആയ കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും, ജീവിച്ചിരിക്കുന്നയാൾ മനോരോഗിയോ, തളർവാതം, കാൻസർ, റ്റി.ബി. തുടങ്ങിയ മാരകരോഗിയോ ആണെങ്കിൽ അവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി കുട്ടികളുടെ സംരക്ഷണം |

ഏറ്റെടുക്കുന്നവർക്കാണ് ധനസഹായം അനുവദിക്കുന്നത്.

മാതാപിതാക്കളുടെ ആശ്രയമില്ലാത്ത കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്ന വർക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനും, അത്തരം അഗതികളായ കുട്ടികളെ സംരക്ഷിക്കുന്ന പ്രവൃത്തി പ്രോൽസാഹിപ്പിക്കുകയുമാണ് 'കൈത്താങ്ങ്' എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതുവഴി അനാഥരായ കുട്ടികൾക്ക് ഒരാശ്രയം ലഭ്യമാകുന്നു.

അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണമേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1000/ രൂപ ധനസഹായം അനുവദിക്കുന്നു. ടി തുക വ്യവസ്ഥകൾ ഇല്ലാതെ രക്ഷിതാവിന് ടിയാന്റെ സംരക്ഷണയിലുള്ള കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിൽസ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

നാളിതുവരെയായി 456 പട്ടികവർഗ്ഗ കുട്ടികൾ ടി പദ്ധതിയുടെ ഗുണഭോക്താക്കളായി ഉണ്ട്. കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നത് വരെയോ, 18 വയസ്സു പൂർത്തിയാകുന്നതുവരെയോ ധനസഹായം ടി പദ്ധതി പ്രകാരം നൽകുന്നു.

സെക്ഷൻ ഓഫീസർ